## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4905 — 14/11/2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പൊതുവിദ്യാലയങ്ങൾ ഹരിത ക്യാമ്പസാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ഉബൈദുള്ള**<br>**വി. കെ. ഇബ്രാഹിം കുഞ്ഞ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) പൊതുവിദ്യാലയങ്ങളെ ഹരിതവൽക്കരിക്കുന്നതിനായി 2017-18, 2018-19, 2019-20 അധ്യയന വർഷങ്ങളിലായി ആകെ 5493 സ്കൂളുകളിൽ ജൈവജൈവിധ്യ ഉദ്യാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ഓരോ സ്കൂളിനും 10,000 രൂപ വീതം നൽകിയിട്ടുണ്ട്.<br>ഹരിത കേരളം സുന്ദര കേരളം എന്ന പദ്ധതിയുടെ ഭാഗമായി ഹരിത നിയമാവലി പ്രകാരം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശം എല്ലാ വിദ്യാലയങ്ങൾക്കും നൽകുകയും ഹരിതചട്ടം പാലിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ബി) വ്യവസായ പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ കളിൽ ഭിന്നശേഷിക്കാർ ഉപജീവനത്തിനായി നിർമ്മിക്കുന്ന പേപ്പർ പേനകൾ ഉപയോഗിക്കുവാൻ തീരുമാനമെടുത്ത പോലെ വിദ്യാലയങ്ങളിലും പ്ലാസ്റ്റിക് പേനകൾക്കു പകരം പേപ്പർ പേനകൾ ഉപയോഗിക്കുവാൻ നിർദേശം നൽകുമോ ; | (ബി) & (സി) പരിശോധിക്കാവുന്നതാണ് |
| (സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ